ഉത്തരം

(എ) അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് മുൻപാകെ ലഭിച്ചിട്ടുണ്ട്.

(ബി) മൂന്നാർ റെയിഞ്ചിലെ ഇടമലക്കുടി ടൈബൽ സെറ്റിൽമെന്റിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇടമലക്കുടി പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അനുവാദത്തോടെ ശ്രീ. ജയചന്ദ്രൻ വനം വകുപ്പ് ജീവനക്കാരോടൊപ്പം ഇടമലക്കുടി ടൈബൽ സെറ്റിൽമെന്റിലേക്ക് പോയിട്ടുണ്ടെന്നും എന്നാൽ ടി യാത്രയിൽ വനം വകുപ്പിന്റെ വാഹനം ദുരുപയോഗം ചെയ്തതായോ വനം വകുപ്പ് ജീവനക്കാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. (അനുബന്ധമായി ചേർക്കുന്നു.)*

നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്

298 (300) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത എസ്റ്റേറ്റ് അധികൃതർ ഭൂമി പണയപ്പെടുത്തി വായ്പ എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽനിന്ന് എന്ത് തുക വീതം ;

(സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ;

(ഡി) നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയ തോട്ടം ഉടമകൾ ആരൊക്കെയായിരുന്നു; അവർക്കെല്ലാം എതിരെ അന്വേഷണം നടക്കുകയുണ്ടായി ; എത്രയെല്ലാം കേസുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ?

617/2019

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) ലഭ്യമായ രേഖകൾ പ്രകാരം നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയയുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി റെയ്ഞ്ചിലെ മീരാ ഫ്ലോർസ്, ചെറുനെല്ലി, കാരപ്പാറ-എ, ബ്രൂക്ക് ലാന്റ് എന്നീ തോട്ടമുടമകൾക്കും, കൊല്ലങ്കോട് റെയ്ഞ്ചിലെ സ്മിതാ മൗണ്ട് എസ്റ്റേറ്റ്, ലക്ഷ്മി എസ്റ്റേറ്റ് എന്നിവയുടെ ഉടമകൾക്കുമെതിരെയും, നെല്ലിയാമ്പതി റെയ്ഞ്ചിലെ വി.കെ.ടി. പ്രൈവറ്റ് ലിമിറ്റഡ് (ചന്ദ്രമല), എ.വി.റ്റി. മണലാരു ഗ്രൂപ്പ് എന്നിവർക്കെതിരെയും പടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത യഥാക്രമം 5/12, 6/12, 7/12, 8/12, 9/12, 10/12, 418/13, 419/13 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ 5/12, 6/12, 7/12, 8/12, 9/12, 10/12 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് കേന്ദ്ര സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 418/13, 419/13 എന്നീ കേസുകൾ മുകളിൽ പരാമർശിച്ച കേസുകളോട് സമാന സ്വഭാവമുള്ളതായതിനാൽ സി.ബി.ഐ.-ക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

മിഷൻ 676-ലെ ഊരിനൊണർവ് കാടിനൊണർവ് പദ്ധതി

299 (301) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസികളുടെ ഊരുകളുടെ ഉന്നമനത്തിന് "ഊരിനൊണർവ് കാടിനൊണർവ്" പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?